# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 667

11.12.2012-- ൽ
മറുപടിക്ക് .

### എമർജിംഗ് കേരളയ്ക്ക് ചെലവായ തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ))സംസ്ഥാനത്ത് എമർജിംഗ് കേരള പരിപാടി എവിടെയാണ് നടത്തിയത്; എത്ര ദിവസം നീണ്ടുനിന്നു; | (എ) എമർജിംഗ് കേരള കൊച്ചിയിലെ, ലെമെറിഡിയൻ കൺവെൻഷൻ സെന്ററിൽ 2012 സെപ്റ്റംബർ 12 മുതൽ 14 വരെയുള്ള മൂന്നു ദിവസങ്ങളിലായാണ് നടത്തിയത്. |
| (ബി)ഇതിനായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര കോടി രൂപ ചെലവാക്കി; | (ബി)ഇതിന്റെ നടത്തിപ്പിന്റെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി)എത്ര വ്യവസായികളാണ് ഈ കോൺഫറൻസിൽ പങ്കെടുത്തത്; ഏതെല്ലാം വിദേശരാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു; | (സി) ആകെ 4162 പ്രതിനിധികളാണ് എമർജിംഗ് കേരളയിൽ പങ്കെടുത്തത്. യു.എസ്.എ, യു.കെ, യു.എ.ഇ, ആസ്ട്രേലിയ, ബഹറിൻ, കാനഡ, ചൈന, ജർമനി, ഇറ്റലി, ജപ്പാൻ, കുവൈറ്റ്, മലേഷ്യ, നെതർലാൻഡ്സ്, ഖത്തർ, സൌദി അറേബ്യ, സിങ്കപ്പൂർ, സ്പെയിൻ, സ്വിറ്റ്സർലാൻഡ് തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു. |

| | |
|---|---|
| (ഡി)എത്ര രൂപയുടെ വിദേശ നിക്ഷേപമാണ് ഈ പദ്ധതി വഴി എത്തിയത്; | (ഡി) & (ഇ) കേരളത്തിലെ സാധ്യതകളും അവസരങ്ങളും ലോകത്തിനു മുന്നിൽ അവതരിപ്പിച്ച് സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ 'എമർജിംഗ് കേരള' സംഗമം സംഘടിപ്പിച്ചത്. വ്യവസായം, ഐടി, അടിസ്ഥാന സൌകര്യ വികസനം, ടൂറിസം, കൃഷി, ഊർജ്ജം, ആരോഗ്യം, സയൻസ് ആന്റ് ടെക്നോളജി, ഉന്നത വിദ്യാഭ്യാസം, തുറമുഖം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ നിക്ഷേപം നടത്തുന്നതിനായി നിരവധി നിക്ഷേപകരും കമ്പനികളും പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ പദ്ധതി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിശോധനയിലാണ്. പദ്ധതികളുടെ വിശദാംശങ്ങൾ പഠന വിധേയമാക്കിയതിനു ശേഷം കേരളത്തിന്റെ സാഹചര്യത്തിനു അനുയോജ്യമായവയ്ക്ക് മാത്രം സർക്കാർ അനുമതി നൽകുന്നതാണ്. അതിനു ശേഷം മാത്രമേ നിക്ഷേപത്തിന്റെ കണക്കുകൾ വ്യക്തമാകുകയുള്ളൂ. |
| (ഇ)ഏതൊക്കെ പദ്ധതികൾക്കാണ് ഇതുവഴി തുടക്കമിടാൻ കഴിഞ്ഞത്? | |

**സെക്ഷൻ ഓഫീസർ**

# Expenditure for the Emerging Kerala - 2012

| Particulars | Amount (Rs in lakhs) |
|---|---|
| Print Advertisement | 302.65 |
| E.K. Campaign Shoot | 20.00 |
| Hoardings | 47.18 |
| Media Campaign | 54.43 |
| Online Promotion | 8.59 |
| TV Panel Discussions | 136.03 |
| Airport Translates | 65.70 |
| Sticker in Airports | 49.46 |
| Other Advertisement and Publicity including Meets in Kerala | 121.83 |
| Website development and updating | 3.52 |
| Logo Launch and Logo Release | 5.08 |
| Food & Accommodation & Hall Rental Charges | 321.02 |
| Domestic and International Road shows | 133.56 |
| Transportation and Traveling | 54.11 |
| Venue Infrastructure Arrangement | 235.81 |
| Others | 107.90 |
| **Total** | **1667.09** |

Section Officer